


# എളിമ: ഏറ്റവും പ്രയാസകരമായ പുണ്യം

യോഹ. 3:22 – 31 Vol. 11, Issue: 40

ബ്ര. അജു കുരീക്കാട്ട് MCBS

**ദി**വ്യകാരുണ്യ ഈശോയിൽ ഏറെ സ്നേഹിക്കപ്പെടുന്ന വൈദികരേ, സഹോദരങ്ങളേ,

ഈശോയുടെ മാമ്മോദീസയും പ്രത്യക്ഷീകരണവും പരസ്യജീവിതവും ധ്യാനവിഷയമാക്കുന്ന ദനഹാക്കാലത്തിലെ അവസാന ആഴ്ചയിലേയ്ക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണ്. ദനഹാക്കാല ഞായറാഴ്ചകളിലെ ഭൂരിഭാഗ വായനകളിലും ഈശോയോടൊപ്പം പ്രത്യക്ഷപ്പെടുന്ന വ്യക്തിയാണ് സ്നാപകയോഹന്നാൻ. ഇന്ന് ദനഹാക്കാലം 6-ാം ഞായറാഴ്ച യോഹ. 3:30, "അവൻ വളരുകയും ഞാൻ കുറയുകയും വേണം" എന്നു പറഞ്ഞ് എളിമയോടെ ക്രിസ്തുവിനുവേണ്ടി വഴിമാറുന്ന സ്നാപകനെ വചനം നമ്മുടെ മുമ്പിൽ വരച്ചുകാണിക്കുന്നു.

വിശുദ്ധ ഗ്രന്ഥത്തിന്റെ താളുകളിലൂടെ കണ്ണോടിച്ചാൽ, ഒന്നാമനാകുവാനുള്ള ആഗ്രഹമാണ് പലരുടെയും പതനത്തിനും മരണത്തിനും കാരണമാകുന്നത്. സ്രഷ്ടാവിനേക്കാൾ കേമനാവുക എന്നതാണ് ആദ്യമനുഷ്യരുടെ പതനത്തിനു കാരണം. ആബേൽ തന്നേക്കാൾ കേമനാണെന്ന അപകർഷതയാണ് കായേനെ കൊലപാതകിയാക്കിയത്. അപ്പൻ തങ്ങളേക്കാൾ അനുജനെ സ്നേഹിക്കുന്നുവെന്ന അസൂയയാണ് ജോസഫിന് പൊട്ടക്കിണറും പിന്നീട് അടിമത്വവും വിധിച്ചത്. ഇങ്ങനെയുള്ള ഈ ലോകത്തിലാണ് ഏറ്റവും പ്രയാസകരമായ പുണ്യമായ എളിമയും പ്രകാശിപ്പിച്ച് യോഹന്നാൻ നിൽക്കുന്നത്. വിശുദ്ധ ഗ്രന്ഥത്തിന്റെ കണ്ണുകളിലൂടെ നോക്കുമ്പോൾ ശക്തമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് സ്നാപകയോഹന്നാൻ.

"നീയോ കുഞ്ഞേ, അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും. കർത്താവിന് വഴിയൊരുക്കാൻ അവന്റെ മുമ്പേ പോകും" എന്ന പിതാവായ സഖറിയായുടെ വാക്കുകൾ അക്ഷരംപ്രതി പാലിച്ച് ഏലിയായുടെ തീക്ഷ്ണതയോടെ ജീവിച്ച വ്യക്തിയാണ് സ്നാപകയോഹന്നാൻ. തന്റെ ചുറ്റുമുള്ളവർക്ക് ഏറെ സമ്മതനും അവരുടെ ജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തിയവനുമാണ് സ്നാപകയോഹന്നാൻ. എങ്കിലും എന്താണ് സ്നാപ

കയോഹന്നാനെ ഇത്രയധികം ഏളിമയുള്ളവനാക്കിത്തീർക്കുന്നത്? അത് സ്വയാവബോധമാണ്. താൻ ആരാണെന്നും തന്റെ ജന്മലക്ഷ്യമെന്താണെന്നും തന്റെ കർമ്മലക്ഷ്യമെന്താണെന്നും സ്നാപകന് ഉറച്ച ബോദ്ധ്യമുണ്ടായിരുന്നു. അതിനാൽ തന്നെ യോഹന്നാൻ തന്നെത്തന്നെ ഉപമിക്കുന്നത് മണവറത്തോഴനോടാണ്. മണവാട്ടിക്ക് മണവാളനെ പരിചയപ്പെടുത്തുകയും അവരെ ഒരുമിപ്പിക്കാൻ സഹായിക്കുകയും അതിൽ ആനന്ദിക്കുകയും ചെയ്യുന്നവനാണ് മണവറത്തോഴൻ.

ഇന്നത്തെ ഒന്നാം വായന നിയമം. 22:14–22 വാക്യങ്ങളെ ഒറ്റവാക്കിലേയ്ക്ക് ചുരുക്കിയാൽ സഹോദരന്റെ വളർച്ചയിൽ, അവന്റെ സന്തോഷത്തിൽ ഒരിക്കലും തടസ്സം നിൽക്കരുതെന്ന് വിശുദ്ധ ഗ്രന്ഥം പഠിപ്പിക്കുന്നു. തന്റെ പിന്നാലെ വന്നവർ യേശുവിന്റെ പിന്നാലെ പോകുന്നതു കണ്ടിട്ടും യോഹന്നാൻ നിരാശനാകാത്തത് ക്രിസ്തു എന്ന മണവാളനിലേയ്ക്ക് ദൈവജനമാകുന്ന മണവാട്ടിയെ ഒന്നിപ്പിക്കുവാൻ സാധിച്ച മണവറത്തോഴന്റെ ആനന്ദം അനുഭവിക്കുന്നതിനാലാണ്.

സ്നാപകന്റെ ജീവിതം ഏതൊരു ക്രിസ്ത്യാനിയുടെയും ജീവിതവിളിയാണ്. ക്രിസ്തുവാകുന്ന മണവാളനിലേയ്ക്ക് അവിടുത്തെ മണവാട്ടിയായ സഭയെ ചേർത്തുനിർത്തുക എന്നത് എന്റെയും നിങ്ങളുടെയും ജീവിതലക്ഷ്യമാണ്. ക്രിസ്തുവിലേയ്ക്ക് സഭയെ നയിക്കാൻ അഭിഷേകം ലഭിച്ച സുവിശേഷ പ്രസംഗകന്മാരുടെ ജീവിതത്തിൽ ആത്മീയ അഹങ്കാരത്തിന്റെ ആശയങ്ങൾ ഉളവായതാണ് നമ്മൾ ഇന്ന് ദർശിക്കുന്ന പല സെക്ടറുകളും സഭാവിഭാഗങ്ങളും.

വില്യം ഷേക്സ്പിയറിന്റെ കവിതയായ Seven Ages-ൽ ഇപ്രകാരം പറഞ്ഞുവയ്ക്കുന്നു: ''ക്രിസ്തീയജീവിതവും ഒരു നാടകവേദിയാണ്. നമ്മളെല്ലാം അതിലെ കലാകാരന്മാരും. നമ്മുടെ ഭാഗം നമ്മുടെ കഴിവനുസരിച്ച് പിറകെ വരുന്ന നായകനായി രംഗം ഒരുക്കി വേദി ഒഴിഞ്ഞുകൊടുക്കണം.'' തന്റെ ഭാഗം ശരിയായി അഭിനയിച്ച് മണവാളനായ ക്രിസ്തുവിലേയ്ക്ക് സഭയായ മണവാട്ടിയെ നയിച്ചവനാണ് യോഹന്നാൻ.

നമുക്കൊന്ന് വിചിന്തനം ചെയ്യാം, ഒരു ക്രിസ്ത്യാനി എന്ന നിലയ്ക്ക് ചുറ്റുമുള്ളവരെ ഞാൻ ക്രിസ്തുവിലേയ്ക്ക് നയിക്കുന്നുണ്ടോ? ക്രിസ്തുവാകുന്ന മണവാളനു പകരം എന്നെത്തന്നെ മണവാളനായി ഞാൻ പ്രതിഷ്ഠിക്കുന്നുണ്ടോ? പിതാവ് തെളിച്ച പാതയിലൂടെ നടക്കാൻ വിശുദ്ധ ഗ്രന്ഥം നമുക്ക് സമ്മാനിക്കുന്ന പാഠശാലയാണ് തിരുക്കുടുംബം. വിശുദ്ധ ഗ്രന്ഥത്തിൽ ഒരു വാക്കു പോലും ഉച്ചരിക്കാതെ ദൈവനിയോഗങ്ങളെ ശിരസ്സാവഹിച്ച വി. യൗസേപ്പിതാവ് നാഥനായ തിരുക്കുടുംബത്തിൽ, 'ഇതാ, കർത്താവിന്റെ ദാസി' എന്നുപറഞ്ഞ് തന്നെ പൂർണ്ണമയി സമർപ്പിച്ച പരുശുദ്ധ കന്യകാമറിയം നാഥയായ തിരുക്കുടുംബത്തിൽ, ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളരാൻ ഈശോ പരിശീലിച്ച തിരുക്കുടംബത്തിൽ വിളങ്ങിയ എളിമ എന്ന പരമപുണ്യത്തിനായി ഈ ദിവ്യബലിയിൽ നമുക്ക് പ്രാർത്ഥിക്കാം.

വിശുദ്ധ കുർബാന എളിമപ്പെട്ടവന്റെ ജീവിതധ്യാനമാണ്. ഫിലി. 2:6–8 വാക്യങ്ങളിൽ നമ്മൾ ഇപ്രകാരം വായിക്കുന്നു: ''ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിലായിത്തീർന്നു. മരണം വരെ അതെ, കുരിശുമരണം വരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി.''

അപ്പത്തോളം ചെറുതായ ക്രിസ്തുവിന്റെ ജീവിതധ്യാനമാണ് വിശുദ്ധ കുർബാന. എളിമയുള്ളവരാകാൻ ഈ വിശുദ്ധ കുർബാനയിൽ നമുക്ക് പ്രാർത്ഥിക്കാം. സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ, ആമ്മേൻ.